നം.ബി 1/29671/ 2010/ഡി.എം.ഇ

**കേരള സർക്കാർ**

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം
തീയതി 29-06-2011

## <u>വിജ്ഞാപനം</u>

2011..ലെ ഡെന്റൽ പി.ജി. (MDS) കോഴ്സിൽ ഒഴിവുള്ള/ഒഴിവുവരാൻ സാധ്യതയുള്ള സീററുകളിലേയ്ക്കുള്ള ജനറൽ മെറിററിലേയ്ക്കുള്ള അവസാന ഘട്ട കൗൺസലിംഗ് **<u>2011 ജൂൺ മാസം 30-ാം തീയതി രാവിലെ 10.30 മണിക്ക്</u>** തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ ഏഡ്യൂക്കേഷനിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഈ കൗൺസലിംഗിൽ പങ്കെടുക്കാവുന്നതാണ്. നേരത്തെ നടന്ന കൗൺസലിങ്ങുകളിൽ, എടുത്ത കോഴ്സിൽ തന്നെ തുടരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ കൗൺസലിംഗിൽ പങ്കെടുക്കേണ്ടതില്ല. ഇതിനോടകം തന്നെ ഗവൺമെന്റ് ക്വാട്ടയിൽ സ്വാശ്രയ ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾ അതാതു കോളേജിൽ നിന്നുള്ള NOC ഹാജരാക്കേണ്ടതാണ്. ഒഴിവുള്ള സീററുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Course | Name of College | No of seats |
|---|---|---|---|
| 1 | MDS in Oral Medicine & Radiology | Mar Baselios Dental College | 1 |

കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, **"www.dme.kerala.gov.in"** എന്ന വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്.

റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അലോട്ട്മെന്റ് ലഭിക്കുന്നതാണ്. ഹയർ ഓപ്ഷനിൽ സെലക്ഷൻ ലഭിക്കുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവുകളിലേക്കും ടി ദിവസം അലോട്ട്മെന്റ് നൽകുന്നതായിരിക്കും.

**ജൂൺ 30**-ാം തീയതി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ അതാതു കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടേതാണ്. അവസാന ഘട്ട അലോട്ട്മെന്റിനു ശേഷം കോഴ്സ് വിട്ടിട്ട് പോകുന്നവർ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള നഷ്ടപരിഹാര തുക അടക്കേണ്ടതാണ്.

*ഒപ്പ്*
മെഡിക്കൽ വിദ്യാഭ്യാസ *ഡയറക്ടർക്കുവേണ്ടി*